**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6018** **09-11-2021 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രക്കുളങ്ങളുടെയും കാവുകളുടെയും സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ദേവസ്വം വകുപ്പ് ലഭ്യമാക്കുന്ന സഹായങ്ങൾ വിശദമാക്കാമോ? | (എ) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി 2021-2022 സാമ്പത്തിക വർഷം ഒരു കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടി പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി സർക്കാരിലേക്കോ ബന്ധപ്പെട്ട ദേവസ്വം ബോർഡിലേക്കോ അപേക്ഷ നൽകാവുന്നതാണ്. സർക്കാരിലേക്ക് ലഭിക്കുന്ന അപേക്ഷകൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം ഏത് ദേവസ്വം ബോർഡിന്റെ അധികാര പരിധിയിലാണോ വരുന്നത്, പ്രസ്തുത ദേവസ്വം ബോർഡിന് കൈമാറുകയും ദേവസ്വം ബോർഡുകൾ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നവ ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേക്ക് പ്രപ്പോസൽ ലഭ്യമാക്കുകയുമാണ് ചെയ്തു വരുന്നത്. നിലവിൽ മലബാർ മേഖലയിലെ ക്ഷേത്രങ്ങളെ ഉൾപ്പെടുത്തി മലബാർ ദേവസ്വം ബോർഡ് സമർപ്പിച്ച ₹9,67,85,000/- രൂപയുടെ പ്രപ്പോസലിന് ഭരണാനുമതി നൽകി രണ്ട് ഗഡുക്കളായി ₹98,51,985/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ